# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2620

19/12/2012 - ൽ മറുപടിക്ക്

## വടകര മാഹി കനാൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വടകര-മാഹി കനാൽ നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | : | (എ) വടകര - മാഹി കനാലിന്റെ ചെയിനേജ് 450.08 കി.മീ. മുതൽ 454.08 കി.മീ. വരെയുള്ള പ്രവൃത്തി കൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി ക്കൊണ്ടിരിക്കുന്നു. ചെയിനേജ് 454.08 കി.മീ. മുതൽ 460.62 കി.മീ. വരെയുള്ള രണ്ട് പ്രവൃത്തികൾ 13-ാം ധനകാര്യകമ്മീഷന്റെ ധനസഹായത്തോടെ നടപ്പിലാ ക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചത് സർക്കാർ പരിശോധിക്കുകയും ആയതിൻമേൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശം വാങ്ങി പുതുക്കി സമർപ്പിയ്ക്കുവാൻ ചീഫ് എഞ്ചിനീയറോട് (ജലസേചനവും ഭരണവും) ആവശ്യപ്പെട്ടിരിക്കുകയുമാണ്. |
| (ബി) കനാൽ നിർമ്മാണം എപ്പോൾ ആരംഭി ക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | : | (ബി) ടെണ്ടർ ചെയ്ത 4 കി.മീറ്ററിന്റെ പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. |
| (സി) കനാൽ നിർമ്മാണത്തിന്റെ ഭാഗമായി എതൊക്കെ സ്ഥലങ്ങളിൽ പാലം നിർമ്മി ക്കുമെന്ന് വ്യക്തമാക്കുമോ ? | : | (സി) വടകര-മാഹി കനാലിന്റെ മേൽപ്പറഞ്ഞി രിക്കുന്ന ആദ്യഘട്ട പ്രവൃത്തികളിൽ കനാൽ നിർമ്മാണം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ